II ഇ.ബി. XIV - കേരള നിയമസഭ/XV-2

## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 മേയ് 29, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

4 (*31, *43 & *45) കിഫ്ബി മസാല ബോണ്ട്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, കിഫ്ബി മസാല ബോണ്ടുവഴി 2150 കോടി രൂപ സ്വരൂപിച്ചിട്ടുണ്ടെന്നും 16 സ്ഥാപനങ്ങളാണ് ഇതിൽ നിക്ഷേപം നടത്തിയിട്ടുള്ളതെന്നും സഭയെ അറിയിച്ചു. പ്രസ്തുത ബോണ്ടിന്റെ പലിശ നിരക്ക് 9.723 ശതമാനവും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. തിരിച്ചടവ് കാലാവധി കഴിയുമ്പോൾ മുതലും പലിശയും ഉൾപ്പെടെ 3195.23 കോടി രൂപ തിരിച്ചടയ്ക്കേണ്ടിവരും. റിസർവ് ബാങ്ക് നിയമപ്രകാരം

ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ മസാല ബോണ്ടുകളിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂവെന്നും അതിൽ പങ്കെടുത്ത എല്ലാവരും ആർ.ബി.ഐ. നിഷ്കർഷിക്കുന്ന കെ.വൈ.സി. മാനദണ്ഡം പാലിക്കുന്നവരാണെന്നും സെക്കൻഡറി വിപണിയിലെ കച്ചവടസാധ്യത കണക്കിലെടുക്കുമ്പോൾ പ്രസ്തുത ബോണ്ടുകളുടെ ഉടമസ്ഥത ഇതേ നിക്ഷേപകർക്കുതന്നെയാകണമെന്നില്ലെന്നും മന്ത്രി വ്യക്തമാക്കി. ഉയർന്ന പലിശനിരക്കായതിനാൽ ആഭ്യന്തര ബോണ്ട് വഴിയുള്ള ധനസമാഹരണം ഉപേക്ഷിക്കുകയാണുണ്ടായത്. 50000 കോടി രൂപയുടെ പദ്ധതികളാണ് കിഫ്ബിവഴി നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്നും ഇതിനായി റിസർവ് ബാങ്ക്, സെബി തുടങ്ങിയ റെഗുലേറ്ററി സംവിധാനങ്ങൾ അംഗീകരിച്ചിട്ടുള്ള എല്ലാ ധനസമാഹരണ ഉപാധികളെയും ആശ്രയിക്കേണ്ടിവരുമെന്നും മന്ത്രി വ്യക്തമാക്കി. കിഫ് ബോർഡിന്റെ നിർദ്ദേശാനുസരണം വിവിധ പൊതുമേഖലാ ബാങ്കുകളിൽ നിന്ന് ടേം ലോൺ വഴി 8.95% മുതൽ 9.30% വരെ പലിശനിരക്കിൽ 2565 കോടി രൂപ അനുവദിച്ചത് പര്യാപ്തമല്ലാത്തതിനാലാണ് അന്താരാഷ്ട്ര ബോണ്ട് വിപണിയിൽനിന്നും ധനസമാഹരണം നടത്തുന്നതിന് ശ്രമിക്കുന്നത്. ടേം ലോണുകളിൽനിന്നും വ്യത്യസ്തമായി ബോണ്ടുകൾക്ക് മുതലിന്റെ തിരിച്ചടവ് ലോൺ കാലാവധി തീരുന്ന മുറയ്ക്ക് മതിയാകുമെന്നും മസാല

ബോണ്ടിന്റെ പലിശ നിരക്ക് സ്ഥിരമായിരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. 31-03-2019-ന് മുമ്പ് മസാല ബോണ്ട് ഇടപാട് നടത്തിയതിനാൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്ന 5% വിത്ത്ഹോൾഡിംഗ് നികുതി ഇളവ് കിഫ്ബിക്ക് നേടാൻ സാധിച്ചിട്ടുണ്ട്. ഇന്ത്യൻ കമ്പനികൾ ഇഷ്യൂ ചെയ്ത മസാല ബോണ്ടിലെ നിക്ഷേപകരുമായി കിഫ്ബി മീറ്റിംഗ് നടത്തിയിരുന്നുവെന്നും ലണ്ടൻ, സിംഗപ്പൂർ, ഹോങ്കോങ്ങ്, യു.എ.ഇ എന്നീ രാജ്യങ്ങളിൽ നടന്ന റോഡ്ഷോകളിൽ നിന്നും ഉയർന്നുവന്ന അഭിപ്രായങ്ങളും ഇതുമായി ബന്ധപ്പെട്ട നിയമ വ്യവസ്ഥകളും വിലയിരുത്തിയതിനുശേഷമാണ് ഓഫറിംഗ് സർക്കുലർ പ്രസിദ്ധീകരിച്ചതെന്നും അതിൽ കനേഡിയൻ നിയമ വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സർക്കാർ/അർദ്ധ സർക്കാർ പെൻഷൻ ഫണ്ടുകളും ഇൻഷ്വറൻസ് ഉൽപ്പന്നങ്ങളും കൈകാര്യം ചെയ്യുന്ന ദീർഘകാല സ്ഥാപനതല നിക്ഷേപകരായ CDPQ-നെ ആങ്കർ ഇൻവെസ്റ്ററായി കിഫ്ബി തെരഞ്ഞെടുത്തിട്ടില്ലെന്നും അറുപതിലേറെ രാജ്യങ്ങളിലായി നിക്ഷേപങ്ങൾ നടത്തിയിട്ടുള്ള ഈ പ്രസ്ഥാനത്തിന് 22,000 കോടി അമേരിക്കൻ ഡോളറിന്റെ ആസ്തിയും ന്യൂഡൽഹിയിലടക്കം പത്ത് രാജ്യങ്ങളിൽ കാര്യാലയവുമുണ്ടെന്നും ആഗോള പോർട്ട്ഫോളിയോയുടെ ഭാഗമായി

എസ്.എൻ.സി. ലാവ്‌ലിനിൽ നിക്ഷേപമുണ്ടെന്നും നിയന്ത്രണാധികാരമുള്ള സ്ഥാപനങ്ങൾ രൂപപ്പെടുത്തിയ ഭരണനിർവ്വഹണ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനമാണിതെന്നും മന്ത്രി വ്യക്തമാക്കി. ബഹുരാഷ്ട്ര വ്യവസായങ്ങൾ ഉൾപ്പെടെ ലോകമെമ്പാടും ഉന്നത മുതൽമുടക്ക് നടത്തിയിട്ടുള്ള CDPQ-ന് 775 കനേഡിയൻ കമ്പനികളിൽ നിക്ഷേപമുണ്ട്. മെഗാ പ്രോജക്ടുകൾക്ക് സമ്മിശ്രമായ നിരക്കിൽ വിവിധ സ്രോതസ്സുകളിൽ നിന്ന് പണം കണ്ടെത്തേണ്ടിവരുമെന്നും ഇതിന്റെ ഹാൻഡ്‌ലിംഗ് ചാർജ്ജ് 0.25% മാത്രമായിരിക്കുമെന്നും പ്രസ്തുത ബോണ്ടിന്റെ ഉയർച്ച-താഴ്ചകൾ ബാധിക്കാതിരിക്കാനാണ് പ്രവാസി ചിട്ടി, ടേം ലോണുകൾ, അസറ്റ് മാനേജ്മെന്റ് കമ്പനി എന്നിവവഴി വിഭവ സമാഹരണം നടത്തിയിട്ടുള്ളതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

5 (*32) <u>പട്ടുവസ്ത്രനിർമ്മാണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ</u>

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) നൽകിയ മറുപടിയിൽ, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് കീഴിൽ തിരുവനന്തപുരം ജില്ലയിലെ പൂഴിക്കുന്ന്, ബാലരാമപുരം, പാലക്കാട് ജില്ലയിലെ ചിതലി, കണ്ണൂർ ജില്ലയിലെ കണ്ടോത്ത് എന്നിവിടങ്ങളിൽ സിൽക്ക് നെയ്ത്ത് നടക്കുന്നുണ്ടെന്നും 50 ലക്ഷം

രൂപ പ്രസ്തുത പദ്ധതികൾക്കായി നടപ്പുവർഷം അനുവദിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സെറിഫെഡിന്റെ പട്ടുവ്യവസായ പുനഃസംഘടനാ പരിപാടി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 05-07-2017-ന് ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത അവലോകന യോഗത്തിൽ കേരളത്തിൽ പട്ടുനൂൽനെയ്ത്ത് വ്യവസായത്തിനാവശ്യമായ കൊക്കൂൺ ഉൽപ്പാദിപ്പിക്കാനുള്ള സാഹചര്യമില്ലാത്തതിനാൽ കർണ്ണാടകയിൽ നിന്നും വാങ്ങി സംസ്കരിച്ച് അവിടെത്തന്നെ വിൽക്കാനും പട്ടുവസ്ത്രങ്ങളുടെ മാർക്കറ്റ് കണക്കിലെടുത്ത് പട്ടുസാരി നെയ്ത്തിനായി പോസ്റ്റ് റീലിംഗ് ആക്ടിവിറ്റീസ് സംസ്ഥാനത്തുതന്നെ നടത്താനും നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കിയിരുന്നെങ്കിലും പ്രോജക്ട് റിപ്പോർട്ടിൽ ഇക്കാര്യങ്ങൾ പ്രതിപാദിക്കാതിരുന്നതുകൊണ്ട് ഇതുസംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് മുമ്പായി പട്ടുനൂൽ വ്യവസായത്തിന്റെ സാദ്ധ്യതയെക്കുറിച്ച് പഠിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കേന്ദ്ര സിൽക്ക് ബോർഡ്/സെറിഫെഡ് പ്രതിനിധികൾ, ഹാന്റ്ലൂം & ടെക്സ്റ്റൈൽസ് ഡയറക്ടർ എന്നിവരടങ്ങിയ മൂന്നംഗ സമിതിയെ നിയോഗിച്ചെങ്കിലും പ്രസ്തുത പഠന റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ലെന്നും പുതുക്കിയ പ്രോജക്ട് റിപ്പോർട്ടും കേന്ദ്ര സിൽക്ക്

ബോർഡിൽ നിന്നുള്ള ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. മൾബറി കൃഷി ചെയ്യുന്നതിന് അനുയോജ്യമായ കാലാവസ്ഥയല്ല കേരളത്തിലുള്ളതെന്നും പട്ടുസാരിയാക്കുമ്പോൾ 6000 രൂപയ്ക്ക് മുകളിൽ വില വരുമെന്നതിനാൽ അതിന് മാർക്കറ്റില്ലാതാകുമെന്നും അതിനാലാണ് പട്ടുനൂൽ നെയ്ത്ത് വ്യവസായം പ്രതിസന്ധിയിലായതെന്നും മന്ത്രി വ്യക്തമാക്കി. ഖാദി ബോർഡിനെ ഉപയോഗപ്പെടുത്തി വിശദമായ പഠനം നടത്തി പട്ടുനൂൽ വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്. ഖാദിയെന്ന പേരിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും തുണിത്തരങ്ങൾ കൊണ്ടുവന്ന് വിൽപ്പന നടത്തി റിബേറ്റ് ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുമെന്നും ഖാദി വ്യവസായത്തെയും വിപണനത്തെയും ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് വാണിജ്യ മിഷനോട് വിശദ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും നെയ്ത്തുതൊഴിലാളികളുടെ കഠിനാദ്ധ്വാനത്തിനനുസൃതമായ വേതനം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. സർക്കാർ സ്കൂളുകളിൽ 1 മുതൽ 7 വരെയും എയ്ഡഡ് മേഖലയിൽ 1 മുതൽ 4 വരെയും ക്ലാസ്സുകളിലെ കുട്ടികൾക്ക് കൈത്തറി യൂണിഫോം

നൽകുന്നുണ്ടെന്നും ഇതിനായി ഒരു വർഷം ഏകദേശം 42 ലക്ഷം മീറ്റർ തുണി ഉല്പാദിപ്പിക്കുന്നുണ്ടെന്നും ഗവൺമെന്റ് ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന തുണികളും ആശുപത്രികളിലെ യൂണിഫോമുകളും കൈത്തറിയായാൽ സഹായകരമാകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 400 മുതൽ 775 വരെയുള്ള ചോദ്യങ്ങളിൽ 49 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)